ഭരണഭാഷ മാതൃഭാഷ

ഓഡിറ്റ് വി1/100771/2016/കോ:വി:വ:

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം -33
തീയതി: 04-05-2016

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - പ്ലാൻ ഫണ്ട് - ഫാക്കൽറ്റി വികസനം, (സെമിനാർ , വർക്ക്ഷോപ്പ്, റിഫ്രഷർ കോഴ്സ്) നടത്തിപ്പ് - സംബന്ധിച്ച്.

**********

കോളേജ് വിദ്യ്യാസ വകുപ്പിനു കീഴിലുള്ള സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ ഫാക്കൽറ്റി വികസന ശീർഷകത്തിൽ അനുവദിയ്ക്കുന്ന പ്ലാൻ ഫണ്ട് കോളേജ് പ്രിൻസിപ്പാൾമാർ സെമിനാർ, വർക്ക്ഷോപ്പ്, റിഫ്രഷർ കോഴ്സ് എന്നിവ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രയോജനപ്രദമല്ലാത്ത രീതിയിൽ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിനാൽ മേൽ സൂചിപ്പിച്ച സെമിനാർ, വർക്ക്ഷോപ്പ് എന്നിവ കൂടുതൽ ഫലപ്രദമായി നടത്തുന്നതിന് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പൽമാർക്കും നല്കുന്നു.

1). ഓരോ കോളേജിലും ഒരു വർഷം പരമാവധി 6 വകുപ്പുകളെ മാത്രം സെമിനാർ, വർക്ക്ഷോപ്പ്, റിഫ്രഷർ കോഴ്സ് എന്നിവ നടത്തുന്നതിന് തിരഞ്ഞെടുക്കേണ്ടതാണ്.

2). പി.ജി കോഴ്സുകൾ ഉള്ള വകുപ്പുകൾക്ക് മുൻഗണന നൽകാവുന്നതാണ്.

3). ഡിഗ്രി കോഴ്സ് മാത്രമുള്ള കോളേജുകളിൽ ആർട്സ്, കൊമേഴ്സ്, സയൻസ് എന്നിവയ്ക്ക് ഒരു സെമിനാർ എന്ന കണക്കിൽ നടത്തേണ്ടതാണ്.

4). സെമിനാർ, വർക്ക്ഷോപ്പ്, റിഫ്രഷർ കോഴ്സ് എന്നിവ നടത്താത്ത വകുപ്പുകളെ അടുത്ത വർഷം സെമിനാർ, വർക്ക്ഷോപ്പ്, റിഫ്രഷർ കോഴ്സ് നടത്തുന്നതിന് പരിഗണിക്കേണ്ടതാണ്.

5). അനുവദിക്കപ്പെട്ട വകുപ്പുകൾ ഡിസംബർ മാസത്തിനുള്ളിൽ സെമിനാർ, വർക്ക്ഷോപ്പ്, റിഫ്രഷർ കോഴ്സ് എന്നിവ നടത്തുകയും, ജനുവരി 31-ന് മുമ്പ് കോ-ഓർഡിനേറ്റർമാർ കോളേജ് ഓഫീസിൽ വൗച്ചറുകൾ നല്കി ഫൈനൽ സെറ്റിൽമെന്റ് ചെയ്യേണ്ടതുമാണ്.

6). ഓരോ വകുപ്പിനും അനുവദിക്കപ്പെട്ട തുകയുടെ 75% മാത്രമെ മുൻകൂറായി കോ-ഓർഡിനേറ്റർമാർക്ക് അനുവദിക്കാൻ പാടുള്ളൂ.

ഒപ്പ്/-
എം.നന്ദകുമാർ. ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1). എല്ലാ ആർട്സ് & സയൻസ് കൊളേജ് പ്രിൻസിപ്പൽമാർക്ക് (ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തിരം)
2). പി.എ.ടു ഡയറക്ടർ
3). സി.എ - അഡീഷണൽ ഡയറക്ടർ, സീനിയർ ഏ.ഒ/സീനിയർ എഫ്.ഒ/സീനിയർ എ.എ
4). 'പി' സെക്ഷൻ സൂപ്രണ്ട്
5). കരുതൽ ഫയൽ

അംഗീകാരത്തോടെ

സൂപ്രണ്ട്

ശ്രീജ/04-05-16